**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 994** **29-08-2022 - ൽ മറുപടിയ്ക്ക്**

**പശ്ചിമഘട്ടത്തിന്റെ പാരിസ്ഥിതിക സംരക്ഷണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എച്ച്. സലാം | | ശ്രീ . എ . കെ . ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | പശ്ചിമഘട്ടത്തിന്റെ പാരിസ്ഥിതിക സംരക്ഷണത്തിന്റെ ഭാഗമായി നിശ്ചയിച്ചിട്ടുള്ള പരിസ്ഥിതി ലോല മേഖല, ബഫർ സോൺ എന്നിവ സംബന്ധിച്ച ബഹു. സുപ്രീം കോടതിയുടെ നിരീക്ഷണവും ഉത്തരവും കേരളത്തിലെ മലയോര മേഖലയിലെ ജനങ്ങളെ ഏതു രീതിയിൽ ബാധിക്കുമെന്ന് വ്യക്തമാക്കുമോ; | (എ) | വന്യജീവി സങ്കേതങ്ങൾക്കും ദേശീയോദ്യാനങ്ങൾക്കും പുറത്തായി ഒരു കി.മീറ്റർ ചുറ്റളവ് ബഫർ സോണായി പ്രഖ്യാപിച്ച ബഹു. സുപ്രീം കോടതിയുടെ 03-06-2022-ലെ ഉത്തരവിനെ തുടർന്ന് സംസ്ഥാനത്ത് പൊതുവായും പ്രത്യേകിച്ച് മലയോര മേഖലയിലും ഉണ്ടായിട്ടുള്ള ആശങ്കകൾ കണക്കിലെടുത്ത് സംസ്ഥാനത്തിന്റെ പ്രത്യേക സാഹചര്യങ്ങൾ ബഹു. സുപ്രീം കോടതിയെയും കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തെയും കേന്ദ്ര എംപവേർഡ് കമ്മിറ്റിയെയും ബോധ്യപ്പെടുത്തിക്കൊണ്ട് ടി ഉത്തരവിലെ വ്യവസ്ഥകളിൽ നിന്ന് ഇളവ് നേടാനുള്ള വിവിധ നടപടികൾ സംസ്ഥാന സർക്കാർ സ്വീകരിച്ചുവരുകയാണ്. ആയതിന്റെ ഭാഗമായി ബഹു. വനം വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ 08-06-2022-ന് യോഗം ചേരുകയും ആയതിലെ തീരുമാന പ്രകാരം, ബഹു. സുപ്രീം കോടതി ഉത്തരവ് പ്രകാരം ഒരു കിലോ മീറ്റർ ഇക്കോ സെൻസിറ്റീവ് സോണിൽ ഉൾപ്പെടാൻ സാധ്യതയുള്ള പ്രദേശങ്ങളിൽ, ഉപഗ്രഹ ചിത്രങ്ങളുടെ സഹായത്തോടെ വനാതിർത്തി പരിശോധിച്ചശേഷം, വിശദാംശങ്ങൾ പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിന് സംസ്ഥാന സർക്കാരിന്റെ, ആസൂത്രണ സാമ്പത്തികകാര്യ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള, കേരള സംസ്ഥാന റിമോട്ട് സെൻസിങ് ആൻറ് എൻവയോൺമെൻറ് സെൻററുമായി (KSREC) ധാരണപത്രത്തിൽ ഏർപ്പെട്ടിട്ടുണ്ട്. സംരക്ഷിത പ്രദേശങ്ങൾക്ക് ഒരു കി.മീ. ചുറ്റളവിലുള്ള സ്ഥാപനങ്ങൾ, വീടുകൾ, മറ്റ് നിർമ്മാണങ്ങൾ, വിവിധ പ്രവർത്തനങ്ങൾ എന്നിവ സംബന്ധിച്ച വിവരങ്ങൾ ഉൾക്കൊള്ളുന്ന പഠന റിപ്പോർട്ട് കേരള സംസ്ഥാന റിമോട്ട് സെൻസിങ് ആൻറ് എൻവയോൺമെൻറ് സെന്ററിൽ നിന്നും ലഭ്യമായി കഴിഞ്ഞാൽ മാത്രമെ സംരക്ഷിത |

| | | | |
|---|---|---|---|
| | | | വനമേഖലയ്ക്ക് ചുറ്റും ഒരു കിലോമീറ്റർ ഇക്കോ സെൻസിറ്റീവ് സോൺ നിശ്ചയിച്ചാൽ ആയത് ഈ മേഖലയെ എങ്ങനെ ബാധിക്കുമെന്ന് വിലയിരുത്താൻ കഴിയുകയുള്ളൂ |
| (ബി) | ദൂരപരിധി സംബന്ധിച്ച കേരളത്തിന്റെ നിർദ്ദേശം കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയത്തിൽ സമർപ്പിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (ബി) | ബഹു. വനം വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ 08-06-2022-ന് ചേർന്ന യോഗത്തിലെ തീരുമാന പ്രകാരം സംസ്ഥാനത്തെ പ്രത്യേക സാഹചര്യത്തിൽ ജനസാന്ദ്രത കൂടിയ മേഖലകളെ ഒഴിവാക്കിക്കൊണ്ട് നിലവിൽ സമർപ്പിച്ചിട്ടുള്ള പ്രൊപ്പോസലുകൾ അംഗീകരിച്ച് ഇക്കോ സെൻസിറ്റീവ് സോൺ പ്രഖ്യാപിക്കുന്നതിനുള്ള നടപടികൾക്കായി കേന്ദ്ര എംപവേർഡ് കമ്മിറ്റിയേയും ബഹു. സുപ്രീം കോടതിയെയും സമീപിക്കണമെന്ന് സംസ്ഥാന സർക്കാർ 25-06-2022-ലെ ഡി2/46/2019/വനം നമ്പർ കത്ത് പ്രകാരം കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തോട് അഭ്യർത്ഥിക്കുകയും ആയതിനായിനുള്ള പുന:പരിശോധനാ ഹർജി 17-08-2022-ൽ ഡയറി നം. 25588-2022 ആയി ബഹു. സുപ്രീം കോടതിയിൽ ഫയൽ ചെയ്തിട്ടുണ്ട്. |
| (സി) | മലയോര ജനതയുടെ കുടിയിറക്കലിന് കാരണമാകാൻ സാധ്യതയുള്ള ഈ പ്രശ്നം പരിഹരിക്കാൻ സ്വീകരിച്ച നടപടികൾ എന്തൊക്കെയെന്ന് വിശദമാക്കാമോ? | (സി) | വന്യജീവി സങ്കേതങ്ങൾക്കും ദേശീയോദ്യാനങ്ങൾക്കും പുറത്തായി ഒരു കി.മീറ്റർ ചുറ്റളവ് ബഫർ സോണായി പ്രഖ്യാപിച്ച ബഹു. സുപ്രീം കോടതിയുടെ 03-06-2022-ലെ ഉത്തരവിനെ തുടർന്ന് സംസ്ഥാനത്ത് പൊതുവായും പ്രത്യേകിച്ച് മലയോര മേഖലയിലും ഉണ്ടായിട്ടുള്ള ആശങ്കകൾ കണക്കിലെടുത്ത് സംസ്ഥാനത്തിന്റെ പ്രത്യേക സാഹചര്യങ്ങൾ ബഹു.സുപ്രീം കോടതിയെയും കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തെയും കേന്ദ്ര എംപവേർഡ് കമ്മിറ്റിയെയും ബോധ്യപ്പെടുത്തിക്കൊണ്ട് ടി ഉത്തരവിലെ വ്യവസ്ഥകളിൽ നിന്ന് ഇളവ് നേടാനുള്ള വിവിധ നടപടികൾ സംസ്ഥാന സർക്കാർ സ്വീകരിച്ചുവരുകയാണ്.<br><br>ബഹു. സുപ്രീം കോടതിയുടെ, 03-06-2022-ലെ വിധിയുടെ അടിസ്ഥാനത്തിൽ, ബഹു. വനം വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ 08-06-2022-ന് യോഗം ചേരുകയും ആയതിലെ തീരുമാന പ്രകാരം, ബഹു. സുപ്രീം കോടതി ഉത്തരവ് പ്രകാരം ഒരു കിലോ മീറ്റർ ഇക്കോ സെൻസിറ്റീവ് സോണിൽ ഉൾപ്പെടാൻ സാധ്യതയുള്ള പ്രദേശങ്ങളിൽ, ഉപഗ്രഹ ചിത്രങ്ങളുടെ സഹായത്തോടെ വനാതിർത്തി പരിശോധിച്ചശേഷം, വിശദാംശങ്ങൾ പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിന് സംസ്ഥാന സർക്കാരിന്റെ, ആസൂത്രണ സാമ്പത്തികകാര്യ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള, കേരള സംസ്ഥാന |

റിമോട്ട് സെൻസിങ് ആൻറ് എൻവയോൺമെൻറ് സെൻററുമായി (KSREC) ധാരണാപത്രത്തിൽ ഏർപ്പെട്ടിട്ടുണ്ട്. സംരക്ഷിത പ്രദേശങ്ങൾക്ക് ഒരു കി.മീ. ചുറ്റളവിലുള്ള സ്ഥാപനങ്ങൾ, വീടുകൾ, മറ്റ് നിർമ്മാണങ്ങൾ, വിവിധ പ്രവർത്തനങ്ങൾ എന്നിവ സംബന്ധിച്ച വിവരങ്ങൾ ഉൾക്കൊള്ളുന്ന പഠന റിപ്പോർട്ട് കേരള സംസ്ഥാന റിമോട്ട് സെൻസിങ് ആൻറ് എൻവയോൺമെൻറ് സെന്ററിൽ നിന്നും ലഭ്യമാക്കിക്കൊണ്ട് നിർദ്ദേശിച്ചിട്ടുള്ള നിശ്ചിത സമയപരിധിക്കുള്ളിൽ തന്നെ ബഹു. സുപ്രീം കോടതിയിൽ പ്രസ്തുത വിവരങ്ങൾ സമർപ്പിക്കുന്നതാണ്.

ടി യോഗ തീരുമാന പ്രകാരം സംസ്ഥാനത്തെ പ്രത്യേക സാഹചര്യത്തിൽ ജനസാന്ദ്രത കൂടിയ മേഖലകളെയും സർക്കാർ/ അർദ്ധ സർക്കാർ സ്ഥാപനങ്ങൾ, പൊതുസ്ഥാപനങ്ങൾ എന്നിവ ഉൾപ്പെടുന്ന പ്രദേശങ്ങളെയും ഒഴിവാക്കിക്കൊണ്ട് നിലവിൽ സമർപ്പിച്ചിട്ടുള്ള പ്രൊപ്പോസലുകൾ അംഗീകരിച്ച് ഇക്കോ സെൻസിറ്റീവ് സോൺ പ്രഖ്യാപിക്കുന്നതിനുള്ള നടപടികൾക്കായി കേന്ദ്ര എംപവേർഡ് കമ്മിറ്റിയേയും ബഹു. സുപ്രീം കോടതിയെയും സമീപിക്കണമെന്ന് സംസ്ഥാന സർക്കാർ 25-06-2022-ലെ ഡി2/46/2019/വനം നമ്പർ കത്ത് പ്രകാരം കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തോട് അഭ്യർത്ഥിക്കുകയും ചെയ്തിട്ടുണ്ട്. ബഹു.സുപ്രീം കോടതിയുടെ വിധിയിന്മേൽ കേരളത്തിലെ പ്രത്യേക സാഹചര്യങ്ങൾ കണക്കിലെടുത്ത് മോഡിഫിക്കേഷൻ പെറ്റീഷൻ ഫയൽ ചെയ്യുന്നതിനുള്ള നിർദ്ദേശം 24-06-2022-ൽ സംസ്ഥാന സർക്കാർ അഡ്വക്കേറ്റ് ജനറലിന് നൽകുകയും മോഡിഫിക്കേഷൻ പെറ്റീഷൻ ഫയൽ ചെയ്യുന്നതിന് ആവശ്യമായ വിവരങ്ങൾ അഡ്വക്കേറ്റ് ജനറലിന് കൈമാറുകയും ചെയ്തിട്ടുണ്ട്. ബഹു. സുപ്രീം കോടതി ഉത്തരവിൻറെ പശ്ചാത്തലത്തിൽ 08-06-2022-ലും, 05-07-2022-ലും ബഹു. വനം വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിലും 30-06-2022-ൽ ബഹു.മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിലും കൂടിയ പ്രത്യേക യോഗങ്ങളിൽ ഈ വിഷയം വിശദമായി ചർച്ച ചെയ്യുകയും പുന:പരിശോധനാ ഹർജി 17-08-2022-ൽ ഡയറി നം. 25588-2022 ആയി ബഹു. സുപ്രീം കോടതിയിൽ ഫയൽ ചെയ്തിട്ടുണ്ട്.

സംസ്ഥാനത്തെ സംരക്ഷിത മേഖലകൾക്ക് ചുറ്റും ഇക്കോ സെൻസിറ്റീവ് സോൺ നിശ്ചയിക്കുന്നതിനായി ജനവാസമേഖലകൾ ഉൾപ്പെടുത്തിക്കൊണ്ട് കേന്ദ്ര സർക്കാർ പുറപ്പെടുവിച്ച

| | | | |
|---|---|---|---|
| | | | കരട് വിജ്ഞാപനത്തിന്മേൽ ലഭിച്ച ആക്ഷേപങ്ങൾ പരിഗണിച്ചശേഷം ജനവാസമേഖലകളെയും കൃഷിയിടങ്ങളെയും ഒഴിവാക്കി കൊണ്ട് അന്തിമ വിജ്ഞാപനം പുറപ്പെടുവിക്കുന്നതിനായി ഇക്കോ സെൻസിറ്റീവ് സോൺ നിശ്ചയിക്കുന്നതിനായുള്ള നിർദ്ദേശങ്ങൾ കേന്ദ്ര സർക്കാരിന് സമർപ്പിച്ച വനം വകുപ്പിന്റെ നടപടികൾക്ക് പൊതുതാൽപ്പര്യം മുൻനിർത്തി 10-08-2022-ലെ 44/2022/വനം നമ്പർ സർക്കാർ ഉത്തരവ് പ്രകാരം അംഗീകാരം നൽകുകയും, അന്തിമ വിജ്ഞാപനം പുറപ്പെടുവിക്കുന്നതിനായി കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുള്ള ഭേദഗതി നിർദ്ദേശങ്ങൾ അതേ നിലയിൽ അംഗീകരിച്ചു കിട്ടുന്നതിനും കൂടാതെ ഇക്കോ സെൻസിറ്റീവ് സോൺ നിശ്ചയിക്കുന്നതിൽ നിന്നും ജനവാസമേഖലകളെയും കൃഷിയിടങ്ങളെയും പൊതുസ്ഥാപനങ്ങളെയും പൂർണ്ണമായും ഒഴിവാക്കുന്നതിനും ബഹു. സുപ്രീം കോടതിയുടെ 03-06-2022-ലെ ഉത്തരവിന്മേൽ ബഹു. സുപ്രീം കോടതിയെ സമീപിക്കുന്നതും ഉൾപ്പെടെയുള്ള ഉചിതമായ നടപടികൾ സ്വീകരിക്കുന്നതിനായി വനം വകുപ്പിനെ ചുമതലപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ